**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **01-02-2023 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റ് പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സി-ഡിറ്റിൽ പുതുതായി എത്ര പ്രോജക്ടുകൾ ആരംഭിച്ചുവെന്നും പ്രസ്തുത കാലയളവിൽ എത്രപേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുവെന്നും പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ; | (എ) | കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2016 മെയ് മുതൽ 2021 ഏപ്രിൽ) സി ഡിറ്റ് പുതുതായി 1096 പ്രോജക്ടുകൾ ആരംഭിച്ചു. പ്രസ്തുത കാലയളവിൽ 182 ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. ഈ പ്രോജക്ടുകളിൽ 21 എണ്ണം ഭാഗീകമായി തുടർന്നുവരുന്നു. ബാക്കിയുള്ളവ പൂർത്തികരിച്ചു. |
| (ബി) | 2016 ജൂൺ 1 മുതൽ 2023 ജനുവരി 15 വരെ പുതുതായി എത്രപേരെ സി-ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിൽ പുതുതായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; അവരുടെ തസ്തികയും ശമ്പളവും വ്യക്തമാക്കുമോ; | (ബി) | 2016 ജൂൺ 1 മുതൽ 2023 ജനുവരി 15 വരെ വെബ് സർവ്വീസ് വിഭാഗത്തിൽ 38 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ തസ്തികയും ശമ്പളവും അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | 2016 ജൂൺ മാസം 1 മുതൽ 2022 ഡിസംബർ വരെ പുതുതായി എത്ര പ്രോജക്ടുകൾ സി-ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിനു ലഭിച്ചിട്ടുണ്ട്; പ്രോജക്ടുകളുടെ വിവരവും തുകയും വിശദമാക്കുമോ; ഈ വിഭാഗത്തിൽ നിലവിൽ ആകെ എത്രപേർ ജോലി ചെയ്തുവരുന്നു; വ്യക്തമാക്കാമോ; | (സി) | 2016 ജൂൺ മാസം 1 മുതൽ 2022 ഡിസംബർ വരെ പുതുതായി 1896 പ്രോജക്ടുകൾ സി ഡിറ്റിലെ വെബ് സർവ്വീസ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരവും തുകയും അനുബന്ധം-2 ആയി ചേർക്കുന്നു. വെബ് സർവ്വീസ് വിഭാഗത്തിൽ ആകെ 68 ജീവനക്കാർ നിലവിൽ ജോലി ചെയ്തു വരുന്നു. |
| (ഡി) | മോട്ടോർ വെഹിക്കിൾസ് വകുപ്പുമായുള്ള എഫ്.എം.എസ്. പ്രോജക്ടിൽ തുച്ഛശമ്പളത്തിന് ജോലിചെയ്തു വരുന്ന കരാർ ജീവനക്കാരെ സ്ഥലംമാറ്റാനുണ്ടായ സാഹചര്യം വിശദമാക്കുമോ; ഈ പ്രോജക്ടിലെ ഹൗസ് കീപ്പിംഗ് ജീവനക്കാർക്ക് നൽകി വരുന്ന ദിവസവേതനം എത്രയാണെന്ന് വിശദമാക്കുമോ; നിലവിലെ ജീവിതച്ചെലവുസൂചിക അനുസരിച്ച് ശമ്പളവർദ്ധനവിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ദീർഘകാലമായി ഒരേ സ്ഥലത്ത് ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റണമെന്ന് 21.10.2022 തിയതിയിലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്തിലെ നിർദ്ദേശപ്രകാരമാണ് പ്രോജക്ടിലെ കരാർ ജീവനക്കാരെ സ്ഥലംമാറ്റിയത്. ഹൗസ് കീപ്പിങ് ജീവനക്കാർക്ക് നൽകിവരുന്ന വേതനം 320/- രൂപയാണ്. എല്ലാ ജീവനക്കാരുടെയും വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് സി-ഡിററ് മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപെട്ടിട്ടുണ്ട്. |
| (ഇ) | മോട്ടോർ വാഹന വകുപ്പിലെ എഫ്.എം.എസ്. പ്രോജക്ടിൽ ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. എന്നിവ പി.വി.സി. കാർഡിൽ പ്രിന്റ് ചെയ്യാൻ സി-ഡിറ്റിനെ ഏൽപ്പിച്ചിട്ട് അതു സമയബന്ധിതമായി | (ഇ) | സി-ഡിറ്റിനെ ഏൽപിച്ച പ്രിന്റിംഗ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും പ്രിന്റിംഗ് നഷ്ടപ്പെടുകയും, മറ്റ കമ്പനികളെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം സൃഷ്ടിച്ച ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ